**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൻ.ജെ.ഡി ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിയമനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഒഴികെ അംഗീകരിച്ച് ഉപയോഗിച്ചു വരുന്ന എൻ .ജെ.ഡി ഫോർമാറ്റ് തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | സർക്കാർ ഉത്തരവിനോ, നിയമങ്ങൾക്കോ വിധേയമായി എൻ.ജെ.ഡി. ഫോർമാറ്റ് നിലവിലില്ല. എന്നാൽ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ നിന്നും തങ്ങളുടെ പേര് ഒഴിവാക്കുന്നതിലേയ്ക്കായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകുന്നതിനുള്ള ഒരു സമ്മതപത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി.എസ്.സി. ശുപാർശ പ്രകാരം നിയമന ഉത്തരവ് നൽകിയ ഉദ്യോഗാർത്ഥി നിശ്ചിത സമയത്തിനുള്ളിൽ സേവനത്തിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ മാത്രമേ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വകുപ്പിൽ നിന്നും നോൺ ജോയിനിംഗ് വേക്കൻസി റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഓവർസിയർ ഗ്രേഡ് III മായി ബന്ധപ്പെട്ട എൻ.ജെ.ഡി ഒഴിവുകൾ വീണ്ടും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി ആരാണ് ആരംഭിക്കേണ്ടതെന്നും അതിനുള്ള കാലയളവ് സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ? | (ബി) | ഓവർസിയർ ഗ്രേഡ് III-യുമായി ബന്ധപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ നിയമനാധികാരിയാണ് (നിലവിൽ ചീഫ് എഞ്ചിനീയർ) റിപ്പോർട്ട് ചെയ്യേണ്ടത്. സാധാരണയായി നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. നിയമനം ലഭിച്ച ഉദ്യോഗാർത്ഥി അനുവദിച്ച സമയത്തിനുള്ളിൽ സേവനത്തിൽ പ്രവേശിച്ചില്ലായെങ്കിൽ അത്തരത്തിലുണ്ടാകുന്ന ഒഴിവുകൾ എൻ.ജെ.ഡി. ആയി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യും. ഉദ്യോഗാർത്ഥികൾക്ക് സേവനത്തിൽ പ്രവേശിക്കുന്നതിന് സർക്കാർ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലാവധി അവസാനിക്കുന്നതിന് മുൻപോ അതിന്റെ തൊട്ടടുത്ത ദിവസമോ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ഇപ്രകാരം സേവനത്തിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത ഒഴിവും എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്യപ്പെടും. |

സെക്ഷൻ ഓഫീസർ